## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 198** — **10.12.2012 ന് മറുപടിയ്ക്ക്**

### പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | | **ശ്രീ. കെ.ബി. ഗണേഷ്കുമാർ** (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ ഒന്നും ഏറ്റെടുത്തിട്ടില്ല. എന്നാൽ പാട്ടക്കരാറും മറ്റ് വന നിയമങ്ങളും ലംഘിച്ചതിനെ തുടർന്ന് മീരാ ഫ്ളോറസ് എസ്റ്റേറ്റ് 486.63 ഏക്കർ 27.06.2011 ന് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| ബി) | പാട്ടക്കുടിശ്ശിക അടച്ചു തീർക്കാത്ത തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | ബി) | നിലവിൽ പാട്ടക്കരാർ റദ്ദ് ചെയ്ത ചെറുനെല്ലി, രാജാക്കാട് എന്നീ എസ്റ്റേറ്റുകളാണ് പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ളത്. മേൽ പറഞ്ഞ തോട്ടങ്ങളുടെ പാട്ടക്കരാർ റദ്ദു ചെയ്തിട്ടുള്ളതാണെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉള്ളതിനാൽ തോട്ടങ്ങൾ തിരികെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ